ടി.കെ ഉബൈദ്

ഖുർആൻ ബോധനം

1040

# സൂറ – 33 / അൽ അഹ്സാബ്

**സൂക്തം: 49**

മതാഇന്റെ എണ്ണവും വണ്ണവും 'ധനികന് അവന്റെ കഴിവനൊത്ത്, ദരിദ്രന് അവന്റെ കഴിവിനൊത്ത്' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇഷ്ടമുള്ളത് എന്നു പറയാതെ 'കഴിവിനൊത്തത്' എന്നു പറഞ്ഞത് ശ്രദ്ധേയമാണ്. ഇഷ്ടമുള്ളതല്ല, സ്ത്രീയുടെയും പുരുഷന്റെയും സാമ്പത്തിക നിലവാരത്തിന് യോജിച്ചതാണ് കൊടുക്കേണ്ടത് എന്നാണതിന്റെ താൽപര്യം.

يَـٰٓأَيُّهَا ٱلَّذِينَ ءَامَنُوٓا۟ إِذَا نَكَحْتُمُ ٱلْمُؤْمِنَـٰتِ ثُمَّ طَلَّقْتُمُوهُنَّ
مِن قَبْلِ أَن تَمَسُّوهُنَّ فَمَا لَكُمْ عَلَيْهِنَّ مِنْ عِدَّةٍ تَعْتَدُّونَهَا ۖ
فَمَتِّعُوهُنَّ وَسَرِّحُوهُنَّ سَرَاحًا جَمِيلًا ﴿٤٩﴾

49. അല്ലയോ സത്യവിശ്വാസികളായവരേ, നിങ്ങൾ സത്യവിശ്വാസിനികളെ നികാഹ് ചെയ്യുകയും എന്നിട്ടവരെ സ്പർശിക്കും മുമ്പെ ത്വലാഖ് ചെയ്യാനിടയാവുകയും ചെയ്താൽ നിങ്ങൾക്കുവേണ്ടി ഇദ്ദയാചരിക്കാൻ ആ സ്ത്രീകൾക്ക് ബാധ്യതയില്ല. എങ്കിലും അവർക്ക് മതാഅ് നൽകണം. ഭംഗിയായി പിരിച്ചയക്കുകയും വേണം.

**49**

يَا أَيُّهَا الَّذِينَ آمَنُوا= അല്ലയോ സത്യവിശ്വാസികളായവരേ
إِذَا نَكَحْتُمُ الْمُؤْمِنَاتِ = നിങ്ങൾ സത്യവിശ്വാസിനികളെ നികാഹ് ചെ(യ്യുകയും)യ്താൽ
ثُمَّ طَلَّقْتُمُوهُنَّ = എന്നിട്ട് അവരെ ത്വലാഖ് ചെയ്യു(യ്യാനിടയാവു)കയും ചെയ്താൽ
مِن قَبْلِ أَن تَمَسُّوهُنَّ = നിങ്ങൾ അവരെ സ്പർശിക്കുന്നതിനു മുമ്പെ
فَمَا لَكُمْ عَلَيْهِنَّ = നിങ്ങൾക്കുവേണ്ടി അവർക്ക് ബാധ്യതയില്ല, അവരോട് ആവശ്യപ്പെടാൻ നിങ്ങൾക്ക് അവകാശമില്ല
مِنْ عِدَّةٍ = (ആചരിക്കാൻ) യാതൊരു ഇദ്ദയും تَعْتَدُّونَهَا = നിങ്ങൾ (നാളുകൾ) എണ്ണിക്കണക്കാക്കുന്നതായ
فَمَتِّعُوهُنَّ = അപ്പോൾ (എങ്കിലും) നിങ്ങൾ അവർക്ക് മതാഅ് (അനുഭവിക്കാൻ കുറച്ച് വിഭവങ്ങൾ) നൽകണം
وَسَرِّحُوهُنَّ = (പിരിച്ചയക്കുകയും) വേണം അവരെ വിട്ടയക്കുക سَرَاحًا جَمِيلًا = ഭംഗിയായി പിരിച്ചയക്കൽ

വിവാഹമുക്തയുടെ ഇദ്ദയുമായി ബന്ധപ്പെട്ട ചില വിധികളാണ് ഈ സൂക്തത്തിൽ പറയുന്നത്. ഇദ്ദ സംബന്ധിച്ച നിയമങ്ങളും ചട്ടങ്ങളും സൂറ *അൽ ബഖറ* 228-235 സൂക്തങ്ങളിൽ പ്രസ്താവിച്ചിട്ടുണ്ട്. ആ സൂക്തങ്ങൾക്ക് അനുബന്ധമായി അവിടെ വ്യക്തമാക്കിയിട്ടില്ലാത്ത ചില കാര്യങ്ങൾ വ്യക്തമാക്കിയിരിക്കുകയാണിവിടെ. ഈ സൂക്തം ഈ

സന്ദർഭത്തിൽ അവതരിച്ചതിന്റെ ഔചിത്യം പല രീതിയിൽ നിരീക്ഷിക്കപ്പെട്ടിരിക്കുന്നു. സൈദിന്റെ വിവാഹമോചനവും പ്രവാചകൻ-സൈനബ് വിവാഹവും ചർച്ച ചെയ്തതിനെത്തുടർന്ന് വിവാഹമുക്തകളുടെ ഇദ്ദയുമായി ബന്ധപ്പെട്ട് നേരത്തേ നൽകിയ വിധികളിൽ ഉൾപ്പെട്ടിട്ടില്ലാത്ത ചില വിധികൾ പരാമർശിച്ചിരിക്കുകയാണെന്നാണ് ഒരു നിരീക്ഷണം. ചിലർ നിരീക്ഷിക്കുന്നതിങ്ങനെ: സൂറ *അന്നിസാഇ*ൽ (സൂക്തം 3) വിശ്വാസികൾക്ക് ബഹുഭാര്യമാരുടെ എണ്ണം നാലിൽ പരിമിതപ്പെടുത്തിയിട്ടുണ്ടല്ലോ. ആ പരിമിതിയിൽനിന്ന് പ്രവാചകൻ മുക്തനാണെന്ന് വിധിക്കുകയാണ് ഈ സൂറയിലെ 50-52 സൂക്തങ്ങൾ. അതിന് ആമുഖമായി നാലിലധികം ഭാര്യമാരുണ്ടായിരുന്ന സാധാരണ മുസ്‌ലിംകൾ, അവരുടെ ഒഴിവാക്കപ്പെടുന്ന അധികഭാര്യമാർ അതുവരെ സംസർഗത്തിൽ ഏർപ്പെടാത്തവരാണെങ്കിൽ പാലിക്കേണ്ട നിയമം പറഞ്ഞിരിക്കുകയാണിവിടെ. മൂന്നാമതൊരു നിരീക്ഷണം -അതാണ് കൂടുതൽ യുക്തിസഹമായി തോന്നുന്നത്- ഇപ്രകാരമാണ്: ഈ സൂക്തത്തിലെ വിധി പ്രസക്തമാകുന്ന ഏതെങ്കിലും വിവാഹവും വിവാഹമോചനവും ഈ സൂക്തം അവതരിച്ച സന്ദർഭത്തിൽ സംഭവിച്ചിട്ടുണ്ടാവാം. നികാഹ് നടത്തിയ ശേഷം കല്യാണം (വീടുകൂടൽ) ചിലപ്പോൾ കുറേ കാലത്തേക്ക് നീട്ടിവെക്കുക അപൂർവമല്ലല്ലോ. നമ്മുടെ നാട്ടിലും ഇതു നടക്കാറുണ്ട്. ഇതിനിടയിൽ ഏതെങ്കിലും കാരണത്താൽ വിവാഹമോചനവും സംഭവിക്കാറുണ്ട്. ആഇശ(റ)യെ നികാഹ് ചെയ്ത് വർഷങ്ങൾക്കു ശേഷമാണ് നബി(സ) അവരുമായി ദാമ്പത്യജീവിതം തുടങ്ങിയത്. ഫാത്വിമതുൽ കിലാബിയ്യ, അസ്മാഅ് ബിൻത് നുഅ്മാനു ബ്‌നു ജൗസ, ഖുതൈല ബിൻത് ഖൈസ് തുടങ്ങിയ ചില സ്ത്രീകളെ നബി(സ) നികാഹ് ചെയ്ത് ദാമ്പത്യജീവിതം തുടങ്ങുന്നതിനു മുമ്പ് മോചിപ്പിക്കുകയുണ്ടായി. സഹ്‌ലു ബ്‌നു സഅ്ദിൽനിന്നും അബൂഉസൈദീനിൽനിന്നും ബുഖാരി ഉദ്ധരിക്കുന്ന ഒരു നിവേദനത്തിൽ ഇങ്ങനെ കാണാം: നബി(സ) ശറാഹീലിന്റെ പുത്രി ഉമൈമയെ നികാഹ് ചെയ്തു. പിന്നെ ഉമൈമ ആ വിവാഹത്തിൽ തൽപരയല്ലെന്ന് പ്രവാചകനു തോന്നി. ഉടനെ തിരുമേനി അവരെ വിവാഹമുക്തയാക്കി. മേത്തരം വസ്ത്രങ്ങൾ സമ്മാനിച്ച് അബൂഉസൈദിന്റെ കൂടെ സ്വന്തം വീട്ടിലേക്ക് യാത്രയാക്കുകയും ചെയ്തു.

നികാഹ് ചെയ്ത ഭാര്യയെ, സഹശയനമുണ്ടാകുന്നതിനുമുമ്പ് വിവാഹമോചനം ചെയ്താൽ ആ സ്ത്രീ ഭർത്താവിനുവേണ്ടി ഇദ്ദ ആചരിക്കേണ്ടതില്ല; എന്നാൽ അവൾക്ക് മതാഉം മാന്യമായ യാത്രയയപ്പും നൽകേണ്ടതാകുന്നു എന്നാണ് ഈ സൂക്തത്തിന്റെ മുഖ്യവിധി. സൂക്തത്തിലെ പദങ്ങളിൽനിന്ന് കർമശാസ്ത്ര പണ്ഡിതന്മാർ പല കാര്യങ്ങൾ നിർധാരണം ചെയ്തിരിക്കുന്നു:

1) നികാഹിനു ശേഷം സഹശയനമുണ്ടാകുന്നതിനു മുമ്പ് ത്വലാഖ് ചെയ്യപ്പെടുന്ന സ്ത്രീ ഇദ്ദയാചരിക്കേണ്ടതില്ല. സഹശയനത്തിനു ശേഷം വിവാഹമോചനം നടന്നാൽ ഇദ്ദയാചരിക്കേണ്ടത് നിർബന്ധമാകുന്നു. സമുദായം ഏകകണ്ഠമാണീ വിധിയിൽ. عدّ (എണ്ണം, കണക്ക്)-ൽനിന്നുള്ളതാണ് عدة. എണ്ണപ്പെടുന്നതാണ് عدّة. ഈ അർഥത്തിൽ 2:184-ൽ فَعِدَّةٌ مِّنْ أَيَّامٍ أُخَرَ-ന് റമദാനിൽ നോമ്പെടുക്കാൻ കഴിയാതെ പോയവർ മറ്റു നാളുകളിൽ അത്രയും എണ്ണം നോമ്പെടുക്കണമെന്ന് താൽപര്യം. കർമശാസ്ത്ര ഭാഷയിൽ, വിവാഹമുക്ത പുനർവിവാഹത്തിൽനിന്ന് വിട്ടുനിൽക്കേണ്ട എണ്ണപ്പെട്ട നാളുകളാണ് ഇദ്ദ. പ്രകൃത സൂക്തത്തിലെ تَعْتَدُّونَهَا-നിങ്ങൾ എണ്ണുന്ന- എന്ന വാക്ക് സൂചിപ്പിക്കുന്നതുപോലെ മൂന്ന് ആർത്തവ, അല്ലെങ്കിൽ ശുദ്ധികാലം, മൂന്നു മാസം, നാലു മാസം പത്തുദിവസം എന്നിങ്ങനെ നാളുകളുടെ എണ്ണത്തെ ആസ്പദമാക്കിയതിനാലാവാം ഈ കാത്തിരിപ്പുകാലം عدة എന്നു നാമകരണം ചെയ്യപ്പെട്ടത്. ഇദ്ദക്ക് പ്രധാനമായും രണ്ടു ലക്ഷ്യങ്ങളാണുള്ളത്. ത്വലാഖിൽനിന്ന് പിന്മാറി ദാമ്പത്യം പുനഃസ്ഥാപിക്കാൻ ഇരുകൂട്ടർക്കും അവസരമുണ്ടാക്കുകയാണ് ഒന്ന്. രണ്ടാമത്തേത്, ഗർഭിണിയാണോ അല്ലേ എന്നു ഉറപ്പു വരുത്തുക. ഇദ്ദാ കാലത്ത് സ്ത്രീ ഗർഭിണിയാണെന്നു സ്ഥിരപ്പെട്ടാൽ അവളുടെ കുട്ടിയുടെ പിതൃത്വം വിവാഹമോചനം ചെയ്ത ഭർത്താവിനായിരിക്കും. പ്രസവം വരെ അവൾ ഇദ്ദ തുടരണം. പിന്നീട് പിതൃത്വത്തിൽ സംശയവും തർക്കവും ഉണ്ടാവാതിരിക്കാനാണിത്.

2) نكاح എന്നാൽ സ്ത്രീയും പുരുഷനും തമ്മിൽ സ്ത്രീയുടെ രക്ഷിതാവിന്റെ കാർമികത്വത്തിൽ നടത്തുന്ന വിവാഹ ഉടമ്പടിയാണ്. സ്ത്രീയും പുരുഷനും ശാരീരികബന്ധം പുലർത്തുന്നതിനുമുമ്പ് നടക്കേണ്ടതാണ് നികാഹ്. നികാഹിന് സ്ത്രീപുരുഷ സംഗമം എന്ന് അർഥം കൽപിക്കുന്നത് തെറ്റാണെന്ന് ഈ സൂക്തത്തിലെ ثُمَّ طَلَّقْتُمُوهُنَّ مِن قَبْلِ أَن تَمَسُّوهُنَّ എന്ന വാക്യത്തിൽനിന്ന് സ്പഷ്ടമാകുന്നു.

3) مَسّ-ൽനിന്നുള്ള ക്രിയാ വചനമാണ് تَمَسُّوهُنَّ . ഇവിടെ ഇത് ഉപയോഗിച്ചിരിക്കുന്നത് ഭാര്യയുമായുള്ള ശാരീരികബന്ധം ഉദ്ദേശിച്ചുകൊണ്ടാണ്. ഈ വിഷയത്തിൽ പൂർവിക കർമശാസ്ത്രജ്ഞന്മാർക്കിടയിൽ അഭിപ്രായ ഭിന്നതയുണ്ട്. ഹനഫി, മാലികി മദ്ഹബുകൾ പറയുന്നത് ഭാര്യയും ഭർത്താവും ഒരിക്കലെങ്കിലും തനിച്ചായിട്ടുണ്ടെങ്കിൽ അത് സംയോഗം നടന്നതുപോലെയാണെന്നും ഇദ്ദ നിർബന്ധമാകുമെന്നുമത്രെ. ദാറഖുത്‌നിയും ജസ്സ്വാസ്വും ഉദ്ധരിക്കുന്ന 'ഒരുവൻ ഒരു സ്ത്രീയുടെ മക്കന മാറ്റുകയും അവളെ നോക്കുകയും ചെയ്താൽ വിവാഹമൂല്യം നിർബന്ധമായി; അയാൾക്ക് അവളുമായി ശാരീരികബന്ധം ഉണ്ടായാലും ഇല്ലെങ്കിലും' എന്ന നിവേദനമാണ് അവരുടെ മുഖ്യ തെളിവ്. ഈ നിവേദനത്തിന്റെ പ്രാമാണികത സംശയാസ്പദമാണ്. നിവേദനം പ്രബലമാണെങ്കിൽതന്നെ, അതിൽ പറയുന്നത് വിവാഹമൂല്യത്തിന്റെ കാര്യമാണ്, ഇദ്ദയുടെ കാര്യമല്ല.' വിരി താഴ്ത്തുകയും വാതിലടക്കുകയും ചെയ്താൽ അവൾക്ക് മുഴുവൻ വിവാഹമൂല്യത്തിനും അവകാശമുണ്ടെന്നും ശാരീരികബന്ധം ഉണ്ടായാലും ഇല്ലെങ്കിലും അവൾ ഇദ്ദ ആചരിക്കേണ്ടതാണെന്നും ഖുലഫാഉർറാശിദൂൻ വിധിച്ചിട്ടുണ്ടെന്ന് സുറാറതുബ്നു അബീഊഫാ പ്രസ്താവിച്ചിരിക്കുന്നു എന്ന നിവേദനമാണ് മറ്റൊരു തെളിവ്. ഖലീഫമാർ ഇങ്ങനെ വിധിച്ചുവെന്നത് ശരിയാണെങ്കിൽതന്നെ തെളിവും ന്യായവും വ്യക്തമാകാത്തിടത്തോളം അത് ശാശ്വതമായ ശരീഅത്ത് നിയമമായി കണക്കാക്കാൻ യോഗ്യമാകുന്നില്ല. ഭരണാധികാരികൾ സാഹചര്യം ആവശ്യപ്പെടുന്ന പല നടപടികളും വിധിക്കും. അതെല്ലാം എക്കാലത്തും പാലിക്കപ്പെടേണ്ട ശരീഅത്ത് നിയമങ്ങളാവണമെന്നില്ല. ശാഫിഈയുടെയും അഹ്മദു ബ്നു ഹമ്പലിന്റെയും നിലപാട് ഇതാണ്: സ്ത്രീപുരുഷന്മാരുടെ തനിച്ചാവൽ (خَلْوَة) സംയോഗത്തിനു തുല്യമാകുന്നില്ല. مَسّ

(സ്പർശം) സംയോഗത്തിന്റെ വ്യംഗ്യാർഥ പ്രയോഗമാണ്. സംയോഗത്താൽ നിർബന്ധമാകുന്ന കാര്യങ്ങൾ കേവലം തനിച്ചാവൽ (خَلْوَة) കൊണ്ട് നിർബന്ധമാവുകയില്ല. പ്രകൃത സൂക്തത്തോടും ഇദ്ദയുടെ ഉദ്ദേശ്യലക്ഷ്യങ്ങളോടും ഏറ്റവും യോജിക്കുന്ന നിലപാട് ഇതാണ്. ളാഹിരികൾ സ്വീകരിച്ചിട്ടുള്ളതും ഇതേ വീക്ഷണമാകുന്നു.

ഈ വിഷയത്തിൽ ഫുഖഹാക്കൾ ചർച്ച ചെയ്ത മറ്റൊരു പ്രശ്നം ഇതാണ്: ഒരാൾ ഭാര്യയുമായി ശാരീരികബന്ധം ഉണ്ടായശേഷം ത്വലാഖ് ചെയ്തു. അവൾ ഇദ്ദയിലായിരിക്കെ അയാൾ അവളെ തിരിച്ചെടുത്തു. ആദ്യ ത്വലാഖിന്റെ ഇദ്ദാകാലം തീരുന്നതിനും രണ്ടാം നികാഹിൽ ശാരീരികബന്ധം ഉണ്ടാകുന്നതിനും മുമ്പായി വീണ്ടും ത്വലാഖ് ചെയ്തുവെന്നു വെയ്ക്കുക. എങ്കിൽ ആ സ്ത്രീയുടെ ഇദ്ദയുടെ വിധിയെന്താണ്? ഈ സ്ത്രീ ആദ്യ ത്വലാഖിന്റെ ഇദ്ദ പൂർത്തിയാക്കുകയോ, രണ്ടാം നികാഹിനു ശേഷം ശാരീരിക ബന്ധം ഉണ്ടായിട്ടില്ലാത്തതിനാൽ രണ്ടാം ത്വലാഖിനുവേണ്ടി വേറെ ഇദ്ദ ആചരിക്കുകയോ ചെയ്യേണ്ടതില്ലെന്നാണ് ദാവൂദുള്ളാഹിരിയുടെ നിലപാട്. കാരണം, അവരുടെ വീക്ഷണത്തിൽ രണ്ടാം ത്വലാഖ് ആദ്യ ത്വലാഖിനെ അസാധുവാക്കിയിരിക്കുന്നു. എന്നാൽ ഇമാം ശാഫിഈയും അഹ്മദു ബ്നു ഹമ്പലും രണ്ടാം ത്വലാഖ് ആദ്യ ത്വലാഖിനെ അസാധുവാക്കി എന്ന വാദത്തോട് യോജിക്കുന്നില്ല. മേൽപറഞ്ഞ സ്ത്രീ രണ്ടാം ത്വലാഖിനു ശേഷം ആദ്യ ത്വലാഖിന്റെ ഇദ്ദ പൂർത്തിയാക്കണമെന്നാണ് അവരുടെ നിലപാട്. കാരണം ശാരീരിക ബന്ധം ഉണ്ടായിട്ടുള്ള വിവാഹമുക്തക്ക് നിശ്ചിതകാലം ഇദ്ദ നിർബന്ധമാക്കിയതിന്റെ ലക്ഷ്യം പൂർത്തിയാവാൻ ആ കാലം മുഴുവൻ ഇദ്ദ ആചരിക്കേണ്ടതുണ്ട്. ഇടക്ക് വാക്കാൽ മാത്രമുണ്ടായ പുനർവിവാഹവും മോചനവും ആ ലക്ഷ്യം പൂർത്തീകരിക്കുന്നതല്ല. കൂടുതൽ സ്വീകാര്യമായിട്ടുള്ളത് ഈ വീക്ഷണമാകുന്നു. ഈ സ്ത്രീ ആദ്യ ത്വലാഖിനുശേഷം ആചരിച്ച ഇദ്ദാകാലം അവഗണിച്ച് രണ്ടാം ത്വലാഖിനു ശേഷം ഇദ്ദ പുനരാരംഭിക്കണമെന്നാണ് ഇമാം അബൂഹനീഫ, അബൂയൂസുഫ്, സൗരി, ഔസാഈ തുടങ്ങിയവർ പറഞ്ഞിട്ടുള്ളത്. ഈ വിധിക്ക് അവർ ഉന്നയിക്കുന്ന, നികാഹിനു ശേഷം ത്വലാഖിനു മുമ്പ് ശാരീരിക ബന്ധം ഉണ്ടായിട്ടില്ലെങ്കിലും ആദ്യ ത്വലാഖിനു മുമ്പ് അതുണ്ടായിട്ടുള്ളതിനാൽ രണ്ടാം ത്വലാഖിനു ശേഷവും അവളെ ശാരീരികബന്ധം ഉണ്ടായിട്ടുള്ളവളായി പരിഗണിക്കണമെന്ന ന്യായം ബാലിശമാകുന്നു.

4) فَمَتِّعُوهُنَّ 'അവർക്ക് നിങ്ങൾ മതാഅ്-ജീവിത വിഭവം നൽകണം' എന്ന കൽപനാ വചനം വിവാഹമുക്തക്ക്- അവൾ ശാരീരിക ബന്ധമുണ്ടാകുന്നതിനുമുമ്പ് ത്വലാഖ് ചെയ്യപ്പെടുന്നവളായാലും - നിർബന്ധമായും 'മതാഅ്' നൽകണം എന്നാണ്. ഭോഗം, ചരക്ക്, ജീവിത വിഭവം എന്നൊക്കെയാണ് متاع -ന്റെ ആശയം. വിവാഹമുക്തയെ പിരിച്ചയക്കുമ്പോൾ മഹ്റിനും ഇദ്ദാകാലത്തെ ജീവനാംശത്തിനും പുറമെ നൽകുന്ന ആശ്വാസ ധനം -പാരിതോഷികം- ആണ് ശരീഅത്തിന്റെ ഭാഷയിൽ متاع. ഇതിന് متعه (ഗുണഭോഗം, രസാസ്വാദനം) എന്നും പറയും. ശാരീരികബന്ധം ഉണ്ടാകുന്നതിനു മുമ്പ് ത്വലാഖ് ചെയ്യപ്പെട്ട സ്ത്രീയുടെ മതാഅ് അവകാശത്തെക്കുറിച്ച് സൂറ *അൽബഖറ*യിൽ വിശദമായി പറയുന്നുണ്ട്. ''സ്ത്രീകളെ സ്പർശിക്കാൻ അവസരമുണ്ടാവുകയോ വിവാഹമൂല്യം നിശ്ചയിക്കുകയോ ചെയ്യുന്നതിനു മുമ്പ് ത്വലാഖ് ചെയ്യാനിടയായാൽ അത് കുറ്റകരമാകുന്നില്ല. എങ്കിലും നിങ്ങൾ വിവാഹമുക്തകൾക്ക് മതാഅ് നൽകണം. ധനികൻ അവന്റെ കഴിവിനൊത്തും ദരിദ്രൻ അവന്റെ കഴിവിനൊത്തും മാന്യമായ മതാഅ് നൽകട്ടെ. അത് സജ്ജനങ്ങളുടെ ബാധ്യതയാകുന്നു'' (2:236). ''വിവാഹമുക്തകൾക്ക് മാന്യമായ മതാഇന് അവകാശമുണ്ട്. അത് നൽകേണ്ടത് തഖ്വയുള്ളവരുടെ ബാധ്യതയാകുന്നു'' (2:241). ''സ്ത്രീകളെ സ്പർശിക്കും മുമ്പ് വിവാഹമോചനം ചെയ്യേണ്ടിവന്നാൽ അവർക്ക് വിവാഹമൂല്യം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ നിശ്ചിത വിവാഹമൂല്യത്തിന്റെ പകുതി നൽകേണ്ടതാകുന്നു'' (2:237). ''നിങ്ങളിൽ ഭാര്യമാരെ വിട്ട് മരിച്ചുപോകുന്നവർ ഭാര്യമാർക്ക് ഒരു വർഷത്തേക്കുള്ള മതാഅ് വസിയ്യത്ത് ചെയ്യേണ്ടതാകുന്നു'' (2:240). ഈ സൂക്തങ്ങൾക്കു താഴെയും *ഖുർആൻ ബോധനം* 'മതാഅ്' ചർച്ച ചെയ്തിരിക്കുന്നു.

മതാഇന്റെ നിയമവശത്തെ സംബന്ധിച്ച് ഫുഖഹാക്കൾ വ്യത്യസ്ത വീക്ഷണക്കാരാണ്. അത് നിർബന്ധമായി പാലിക്കേണ്ട നിയമമല്ല, ഐഛികധർമം- സുജന മര്യാദ- മാത്രമാകുന്നു എന്നാണ് മാലികി പണ്ഡിതന്മാരുടെ നിലപാട്. ഇമാം ഹസൻ ബസ്വരി, റാസി, ത്വബരി, ഖുത്ബി, ശൗകാനി തുടങ്ങിയ പൂർവസൂരികളും അല്ലാമാ മുഹമ്മദ് അബ്ദുവിനെപ്പോലുള്ള ആധുനിക പണ്ഡിതന്മാരും മതാഅ് നിർബന്ധ ബാധ്യത തന്നെയെന്ന് വാദിച്ചിരിക്കുന്നു. മതാഅ് പരാമർശിക്കുന്ന ഖുർആൻ സൂക്തങ്ങളിലെല്ലാം കൽപനാ വചനം (أمر) ആണ് ഉപയോഗിച്ചിരിക്കുന്നത് എന്നാണ് അവരുടെ ന്യായം. ഈ വചനങ്ങളെല്ലാമുണ്ടായിട്ടും മതാഅ് ഐഛിക മര്യാദ മാത്രമാണെന്ന് പറയുന്നത് മഹാത്ഭുതമാണെന്ന് ഇബ്നു ഹസം പ്രസ്താവിച്ചിരിക്കുന്നു.

പൊതുവിൽ വിവാഹമുക്തകൾക്ക് മതാഅ് നൽകേണ്ടത് നിർബന്ധമാണെങ്കിലും, ശാരീരിക ബന്ധം പുലർത്തുന്നതിനു മുമ്പ് ത്വലാഖ് ചെയ്യപ്പെട്ട സ്ത്രീക്ക് മതാഇനർഹതയില്ല എന്നാണ് അധികപക്ഷം ഫുഖഹാക്കളുടെയും നിലപാട്. അവൾക്ക് വിവാഹമൂല്യം നിശ്ചയിച്ചിട്ടുണ്ടായിരുന്നുവെങ്കിൽ നിശ്ചിത വിവാഹമൂല്യത്തിന്റെ പകുതി നൽകിയാൽ മതി. അതുതന്നെയാണ് അവളുടെ മതാഅ്. വിവാഹമൂല്യം നിശ്ചയിക്കുന്നതിനും മുമ്പാണ് ത്വലാഖുണ്ടായതെങ്കിൽ ആ സ്ത്രീക്ക് വിവാഹമൂല്യമില്ല, മതാഅ് ആയി വല്ലതും നൽകിയാൽ മതി എന്ന് ഒരു കൂട്ടർ അഭിപ്രായപ്പെട്ടിരിക്കുന്നു. മറ്റൊരു കൂട്ടരുടെ വീക്ഷണം ഇങ്ങനെ: അവളെപ്പോലുള്ള സ്ത്രീകൾക്ക് സാധാരണ ഗതിയിൽ ലഭിക്കുന്ന മിതമായ വിവാഹമൂല്യം കണക്കാക്കി അതിന്റെ പകുതി നൽകേണ്ടതാണ്. ഈ വീക്ഷണങ്ങൾക്കെല്ലാം ആധാരം നേരത്തേ ഉദ്ധരിച്ച 2: 234-237 സൂക്തങ്ങളാണ്. 236-ൽ വിവാഹമൂല്യം നിശ്ചയിച്ചിട്ടില്ലെങ്കിൽ അതിനു പകരം എന്തെങ്കിലും ചെയ്യണമെന്നു പറയുന്നില്ല, മതാഅ് നൽകണമെന്നു മാത്രമേ പറയുന്നുള്ളൂ. 237-ൽ വിവാഹമൂല്യം നിശ്ചയിച്ചിട്ടുണ്ടെങ്കിൽ നിശ്ചിത വിവാഹമൂല്യത്തിന്റെ പകുതി നൽകണമെന്നേ പറയുന്നുള്ളൂ, മതാഅ് നൽകണമെന്നു പറയുന്നില്ല. ഈ സൂക്തത്തിലാവട്ടെ ശാരീരികബന്ധം ഉണ്ടാകുന്നതിനു മുമ്പ് വിവാഹമുക്തയാകുന്നവൾ ഇദ്ദയാചരിക്കാൻ ബാധ്യസ്ഥയല്ലെന്നും എന്നാൽ അവൾക്ക് മതാഉം മാന്യമായ യാത്രയയപ്പും നൽകണമെന്നുമാണ് പറയുന്നത്. ഇവിടെ വിവാഹമൂല്യത്തെക്കുറിച്ച്

പരാമർശമില്ല.

നികാഹ് മൂലം പുരുഷനിൽ വന്നുചേരുന്ന ബാധ്യതയാണ് വിവാഹമൂല്യം. ത്വലാഖ് മൂലം വന്നുചേരുന്ന ബാധ്യതയാണ് മതാഅ്. ഇത് രണ്ടിനെയും വ്യത്യസ്തമായിത്തന്നെ കാണേണ്ടതുണ്ടെന്ന ഒരഭിപ്രായവും ഉണ്ട്. ശാരീരികബന്ധം നടക്കുന്നതിനു മുമ്പ് വിവാഹമുക്തയാകുന്നവൾക്ക് നിശ്ചിത വിവാഹമൂല്യത്തിന്റെ പകുതി മഹ്റായും പിന്നെ കഴിവിനൊത്ത മതാഅ് വേറെയും നൽകണം. മഹ്റ് നിശ്ചയിച്ചിട്ടില്ലെങ്കിൽ, അവൾക്ക് ലഭിക്കാവുന്ന ന്യായ മഹ്റിന്റെ പകുതി കണക്കാക്കി അതും പിന്നെ മതാഉം നൽകണം. മുഴുവനായോ പകുതിയായോ മഹ്റ് നൽകുമ്പോൾ മതാഅ് നൽകേണ്ടതില്ലെന്നോ മതാഅ് നൽകുമ്പോൾ മഹ്റ് നൽകേണ്ടതില്ലെന്നോ ഖുർആൻ പറയുന്നില്ല. എന്നാൽ ശാരീരികബന്ധം ഉണ്ടായിട്ടില്ലെങ്കിൽ സ്ത്രീയുടെ വിവാഹമൂല്യാവകാശം പകുതിയായി ചുരുങ്ങും. മതാഇന്റെ കാര്യത്തിൽ ഈ ഇളവ് കൂടുതൽ പ്രസക്തമാകുന്നു.

മതാഇന്റെ എണ്ണവും വണ്ണവും 'ധനികന് അവന്റെ കഴിവനൊത്ത്, ദരിദ്രന് അവന്റെ കഴിവിനൊത്ത്' എന്നാണ് പറഞ്ഞിരിക്കുന്നത്. ഇഷ്ടമുള്ളത് എന്നു പറയാതെ 'കഴിവിനൊത്തത്' എന്നു പറഞ്ഞത് ശ്രദ്ധേയമാണ്. ഇഷ്ടമുള്ളതല്ല, സ്ത്രീയുടെയും പുരുഷന്റെയും സാമ്പത്തിക നിലവാരത്തിന് യോജിച്ചതാണ് കൊടുക്കേണ്ടത് എന്നാണതിന്റെ താൽപര്യം. ദരിദ്രനായ ഒരു ശിഷ്യൻ വിവാഹമോചനം ചെയ്തപ്പോൾ നബി(സ) അയാളോട് മതാഅ് കൊടുക്കാൻ കൽപിച്ചു. അയാൾ തനിക്കതിന് നിവൃത്തിയില്ല എന്നറിയിച്ചപ്പോൾ ഒരു സ്വാഅ് (2.200 കി.ഗ്രാം) കാരക്കയെങ്കിലും നൽകാതെ പറ്റില്ലെന്നാണ് നബി(സ) അയാളോട് പറഞ്ഞത്. വേറൊരു ശിഷ്യനോട് നിന്റെ തൊപ്പിയെങ്കിലും അവൾക്ക് ഊരിക്കൊടുക്കുക എന്ന് കൽപിക്കുകയുണ്ടായി. പ്രവാചകന്റെ പൗത്രൻ ഹസനുബ്നു അലി ഭാര്യ ആഇശ ഖശ്അമിയ്യയെ വിവാഹമോചനം ചെയ്തപ്പോൾ 10000 ദിർഹം മതാഅ് നൽകിയതായി ചരിത്രം പറയുന്നു. നേരത്തേ ഉദ്ധരിച്ച ബുഖാരിയുടെ നിവേദനത്തിൽ ശാരീരികബന്ധം ഉണ്ടാകുന്നതിനു മുമ്പ് നബി(സ) വിവാഹമോചനം ചെയ്ത ഉമൈമ ബിൻത് ശറാഹീലിന് അദ്ദേഹം ഒരു സെറ്റ് മേത്തരം വസ്ത്രം നൽകിയതായി പറയുന്നു.

വിവാഹമുക്തയെ ഭംഗിയായി പിരിച്ചയക്കുക എന്നത് ഖുർആൻ ആവർത്തിച്ചനുശാസിച്ചിട്ടുള്ളതാണ്. تَسْرِيحٌ بِإِحْسَانٍ - سَرِّحُوهُنَّ سَرَاحًا جَمِيلًا എന്നിെക്കെയാണ് മൂലവാക്കുകൾ. കാലികളെ യഥേഷ്ടം മേയാൻ വിടുകയാണ് تَسْرِيحٌ -ന്റെ മൗലികമായ ആശയം. അതിൽനിന്ന് ഒരാളെ ഇഷ്ടാനുസാരം ചരിക്കാൻ സ്വതന്ത്രമായി വിടുക എന്ന പ്രയോഗാർഥമുണ്ടായി. വിവാഹമുക്തയെ പിരിച്ചയക്കുന്നത് ആട്ടിപ്പായിക്കലോ ആക്ഷേപിച്ച് ഇറക്കിവിടലോ ആവരുത് എന്നാണ് ഇവിടെ سَرَاحًا جَمِيلًا -ന്റെ താൽപര്യം. جَمِيل സുന്ദരവും احْسَان നന്മയുമാകുന്നു. രണ്ടു വിശേഷണങ്ങളും കൂടിച്ചേരുമ്പോൾ ആ വേർപിരിയൽ വളരെ മാന്യവും സൗഹാർദപരവും ഗുണകാംക്ഷാപൂർവവുമായിരിക്കും. തൃപ്തികരമായ മതാഅ് നൽകി പിരിച്ചയക്കുകയാണ് سَرَاحًا جَمِيلًا എന്ന് ചില പണ്ഡിതന്മാർ വ്യാഖ്യാനിച്ചിട്ടുണ്ടെങ്കിലും അത് മതാഇന്റെ തൃപ്തിയിൽ പരിമിതമല്ല. സ്നേഹവും സൗഹാർദവും ഗുണകാംക്ഷയും കൂടി ചേരുമ്പോഴേ അതിന്റെ جمال -ഭംഗി പൂർണമാകൂ. വേർപിരിയുന്നവരുടെ മനസ്സുകളിൽ പകയും വിദ്വേഷവും അവശേഷിച്ചുകൂടാ. പരസ്പരം ആക്ഷേപങ്ങളും അപവാദങ്ങളും പറഞ്ഞു പരത്തി ഇരു കൂട്ടർക്കും മാനഹാനിയും ദുഷ്പേരും ഉണ്ടാക്കരുത്. അത് ഇരു കൂട്ടരുടെയും ഭാവി ജീവിതത്തിൽ കരിനിഴൽ വീഴ്ത്തും. ഒരു പുനസ്സമാഗമം ആഗ്രഹിച്ചുകൂടാത്തതോ അതിനവസരമുണ്ടായാൽ തടസ്സമാകുന്നതോ ആയ യാതൊന്നും ഇരുവരിൽനിന്നും ഉണ്ടായിക്കൂടാ. വിവാഹമോചനത്തിന് കോടതിയുടെ അനുമതി വേണമെന്ന് ഇസ്‌ലാം വിധിച്ചിട്ടില്ല. അത് ദമ്പതികൾ സ്വയം തീരുമാനിച്ചാൽ മതിയെന്നാണ് കാഴ്ചപ്പാട്. വിവാഹമോചനം കോടതി കയറിയാൽ, അവരവരുടെ ഭാഗം ജയിക്കുന്നതിനുവേണ്ടി ദമ്പതികൾ പരസ്പരം ആക്ഷേപങ്ങളും അപവാദങ്ങളും ഉന്നയിക്കേണ്ടിവരും. കോടതി വിവാഹമോചനം അനുവദിച്ചാലും ഇല്ലെങ്കിലും സമൂഹത്തിനു മുമ്പിൽ രണ്ടുപേരും അപമാനിതരും ആക്ഷിപ്തരുമാകുന്നു. അവരുടെ ഭാവിജീവിതത്തിൽ അത് കരിനിഴൽ വീഴ്ത്തുന്നു.

5) സൂക്തത്തിലെ إِذَا نَكَحْتُمُ الْمُؤْمِنَاتِ വിശ്വാസിനികളെ നികാഹ് ചെയ്താൽ- എന്ന വാക്യത്തിന്, വിശ്വാസികൾ വിശ്വാസിനികളെ മാത്രമേ വിവാഹം ചെയ്യാവൂ എന്നർഥമില്ല. സാധാരണ ഗതിയിൽ വിശ്വാസികൾ വിവാഹം ചെയ്യാറുള്ളത് വിശ്വാസിനികളെയാണെന്നും വിശ്വാസി-വിശ്വാസിനീ ബന്ധമാണ് ഏറെ അഭികാമ്യമെന്നുമാണ് താൽപര്യം. മുസ്‌ലിംകൾ വൈദിക മതവിഭാഗങ്ങളിൽപെട്ട സ്ത്രീകളെ വിവാഹം ചെയ്യുന്നത് അനുവദനീയമാകുന്നു. ആ വിഭാഗത്തിൽപെട്ട വിവാഹമുക്തകൾക്ക് സൂക്തം പറയുന്ന വിധികൾ ബാധകമല്ല എന്നും അർഥമില്ല. മുസ്‌ലിം ഭാര്യമാർക്കും വിവാഹമുക്തകൾക്കുമുള്ള എല്ലാ അവകാശങ്ങളും വൈദിക മതവിഭാഗങ്ങളിൽനിന്ന് മുസ്‌ലിംകൾ വിവാഹം ചെയ്യുന്ന വനിതകൾക്കും ഉണ്ട് എന്ന വിധിയിൽ ഇസ്‌ലാമിക പണ്ഡിതന്മാർ ഏകകണ്ഠരാകുന്നു.

6) مَا لَكُمْ عَلَيْهِنَّ مِنْ عِدَّةٍ -നിങ്ങൾക്കുവേണ്ടി യാതൊരു ഇദ്ദയുമാചരിക്കാൻ അവർക്കു ബാധ്യതയില്ല- എന്നാണ് വാക്കർഥം. നിങ്ങൾക്കുവേണ്ടി ഇദ്ദയാചരിക്കാൻ അവരോടാവശ്യപ്പെടാൻ നിങ്ങൾക്കവകാശമില്ല എന്നും തർജമയാകാം. ഏതു തർജമ സ്വീകരിച്ചാലും വിവാഹമുക്ത ഇദ്ദയാചരിക്കേണ്ടത് പുരുഷൻ അതാവശ്യപ്പെട്ടാലാണ് എന്ന ആശയം ഉദ്ദേശിക്കപ്പെട്ടിട്ടില്ല. പുരുഷന്റെ പുനസ്സമാഗമത്തിനുവേണ്ടിയുള്ള കാത്തിരിപ്പ്, ഗർഭിണിയാണെങ്കിൽ കുട്ടിയുടെ പിതൃത്വം അയാളിൽ സ്ഥിരപ്പെടുക, ഇദ്ദാകാലത്ത് അയാളിൽനിന്ന് ജീവനാംശം ലഭിക്കുക തുടങ്ങിയ കാര്യങ്ങളെല്ലാം പുരുഷനുമായി ബന്ധപ്പെട്ടതായതുകൊണ്ടാണ് അയാൾക്കുവേണ്ടി അല്ലെങ്കിൽ അയാളുടെ ആവശ്യത്തിനു ഇദ്ദ ആചരിക്കുക എന്നു പറയുന്നത്. ശാരീരികബന്ധം ഉണ്ടായിട്ടുള്ള വിവാഹമുക്തയോട് ഇദ്ദ ആചരിക്കേണ്ടതില്ല എന്ന് ഭർത്താവ് കൽപിച്ചാലും ഇദ്ദാചരണം അവളുടെ നിർബന്ധ ബാധ്യതയായി നിലനിൽക്കും. പുരുഷന്റെ എന്നപോലെ സ്ത്രീയുടെയും അവകാശമാണത്. രണ്ടു പേരും അതിന്റെ ഗുണഭോക്താക്കളുമാകുന്നു. അതിലുപരി അല്ലാഹു അനുശാസിച്ച നിർബന്ധ നിയമമാണത്. വിവാഹമോചനം ചെയ്ത ഭർത്താവോ മോചിതയായ സ്ത്രീയോ അത് ലംഘിക്കാൻ പാടുള്ളതല്ല. ●